# വീടിന്റെ വിശാലത, അയൽപ്പക്കം, വാഹനം

പി.എസ് കുഞ്ഞുമൊയ്തീൻ ആലുവ

عَن نَافع بن عَبْد الحَارث ، عَن النَّبي ﷺ قَال: مِن سَعَادَةِ المَرء المَسكَنُ الوَاسِعُ، والجارُ الصَّالِحُ والمركَبُ الهَنِئ .

**നാഫിഅ്ബ്നു അബ്ദിൽ ഹാരിസിൽനിന്ന്. നബി(സ) പറഞ്ഞു: "ഒരു മനുഷ്യന്റെ സൗഭാഗ്യങ്ങളിൽ പെട്ടതാണ്, വിശാലമായ വീടും നല്ല അയൽവാസിയും സൗകര്യപ്രദമായ വാഹനവും."**
(ബുഖാരി, അൽ അദബുൽ മുഫ്റദ്)

**സമ്പത്തും** സന്താനവും ഇഹലോകത്ത് മനുഷ്യന്റെ അലങ്കാരമാണെന്ന് ഖുർആൻ പറയുന്നു. ഇതിനു പുറമെ മറ്റു ചില സൗഭാഗ്യങ്ങൾ കൂടിയുണ്ട്. അതിലൊന്നാണ് വിശാലമായ വീട്. അറബി ഭാഷയിൽ വീടിന് പല പദങ്ങൾ പ്രയോഗിക്കാറുണ്ട്. ഇവിടെ 'മസ്കൻ' എന്നാണു പറഞ്ഞത്. അടക്കമുള്ള ശാന്തമായ വാസസ്ഥലം എന്നാണതിന്റെ പൊരുൾ. 'വിശാലമായ' എന്ന വിശേഷണം കൂടി അതിനോട് ചേർത്തിരിക്കുന്നു.

വാസസ്ഥലം ശാന്തിയും സമാധാനവും നൽകുന്നതായിരിക്കണം. ശബ്ദകോലാഹലങ്ങളിൽനിന്നു മുക്തമാവണം. സുരക്ഷിതത്വത്തോടെയും സന്തോഷത്തോടെയും ഉറങ്ങാനും വിശ്രമിക്കാനും കഴിയണം. വീട്ടിലെ സമാധാനം വളരെ പ്രധാനമാണ്. ഇന്ന് പല വീടുകളിലും ഇല്ലാത്തതും അതുതന്നെ. എല്ലാവരും ധൃതിയിലാണ്. ഒരു കുടുംബത്തിലെ അംഗങ്ങൾ തന്നെ ദിവസത്തിലൊരു നേരമെങ്കിലും പരസ്പരം കാണാൻ കഴിയാത്തവരാണ്. ജോലിയുടെ സമയ മാറ്റമനുസരിച്ച് ജീവിക്കുന്നവർ, ഭക്ഷണ സമയത്തുപോലും ഒത്തുചേരാൻ കഴിയാത്തവർ. സംസാരിക്കുകയോ മനസ്സു തുറക്കുകയോ ചെയ്യാൻ അവസരം ഇല്ലാത്തവർ.

വിശാലമായ വീട് എന്നതിന്റെ ഉദ്ദേശ്യം ഇന്നു കാണപ്പെടുന്നതുപോലെ വലിയ വലിയ രമ്യഹർമങ്ങളല്ല. മറിച്ച് വീടിന്റെ വലുപ്പത്തേക്കാൾ മുറിയുടെ വിശാലതയാണ് ആവശ്യം. ഇടുങ്ങിയ വീട്ടിലും മുറികളിലും വസിക്കുന്നവരുടെ മനസ്സും ഇടുങ്ങിയതായിത്തീരാൻ സാധ്യതയുണ്ടെന്നു മനഃശാസ്ത്രം പറയുന്നു. ഇടുക്കത്തിൽ വിശ്രമിക്കുന്നതിനേക്കാൾ മനസ്സ് കൊതിക്കുന്നത് വിശാലമായ കടൽതീരത്തും പൂന്തോപ്പിലും മൈതാനത്തുമാണ് എന്നു കാണാം. പരിമിതികൾക്കകത്ത് കണ്ണിന് കുളിർമയും മനസിനു ഉന്മേഷവും നൽകുന്ന വിധത്തിൽ വീട്ടുപകരണങ്ങൾ ക്രമീകരിച്ചും വായു സഞ്ചാരവും വെളിച്ചവും സംവിധാനിച്ചും പണക്കൊഴുപ്പില്ലാതെ വിശാലത സൃഷ്ടിക്കാൻ കഴിയണം.

രണ്ടാമത്തെ സൗഭാഗ്യം, നല്ല അയൽവാസിയാണ്. തൊട്ടടുത്ത അയൽവാസികൾ തന്നെ ഇന്ന് 'അകലവാസി'കളായി മാറിക്കൊണ്ടിരിക്കുന്നു. വർഷങ്ങൾ അടുത്തു താമസിച്ചാലും പരസ്പരം അറിയാത്തവരാകുന്നു അധിക നഗരവാസികളും. ദിവസവും കാണുന്നവർ, ഫ്ളാറ്റുകളിലും രമ്യഹർമങ്ങളിലും വസിക്കുന്നവർ, പരിചയപ്പെടാതെ മതിൽകെട്ടിനുള്ളിൽ കഴിയുന്നവർ. എല്ലാവരും സ്വാശ്രയരാകുമ്പോൾ പരിചയപ്പെടേണ്ട ആവശ്യം വരുന്നില്ല. പണ്ടൊക്കെ കടവും വായ്പയുമായി പണവും ഭക്ഷണ സാധനങ്ങളും പരസ്പരം കൈമാറിയിരുന്ന അയൽപക്ക ബന്ധം അസ്തമിച്ചിരിക്കുന്നു. രാവിലെ ചായക്കടയിലും വൈകുന്നേരം മണൽപരപ്പിലും പാടവരമ്പിലും ഒത്തുകൂടി സൊറപറയുന്നവർ ഇല്ലാതായിരിക്കുന്നു. പള്ളികളിൽ എത്തുമ്പോഴും അകലം പാലിക്കുന്നവർ അധികരിച്ചിരിക്കുന്നു. അയൽപക്ക ബന്ധം വളരെ അടുത്ത ബന്ധമായിരിക്കാൻ ഇസ്‌ലാം ആഗ്രഹിക്കുന്നു. നിരവധി ഹദീസുകൾ ഈ വിഷയത്തിൽ വന്നിട്ടുണ്ട്.

മൂന്നാമത്തെ കാര്യം, വാഹനമാണ്. ഇന്ന് വാഹനം മനുഷ്യ ജീവിതത്തിലെ അനിവാര്യ ഘടകമാണ്. അത്യാവശ്യങ്ങൾക്ക് യാത്ര ചെയ്യാൻ ഒത്തിണങ്ങിയ ഒരു വാഹനം. സമയ ലാഭമാണ് പ്രധാനം. ഓരോരുത്തരുടെയും കുടുംബ ബജറ്റിനിണങ്ങിയതാവണം എന്നതാണ് ശ്രദ്ധിക്കേണ്ടത്. അയൽവാസിയുടെ ഷെഡിലും മുറ്റത്തും കിടക്കുന്ന വിലപിടിച്ച കാറിനെക്കാൾ മുന്തിയതരം എന്ന പൊങ്ങച്ച ചിന്ത വെടിഞ്ഞ്, കടക്കെണിയിലും പലിശ കുടുക്കിലും പെടാതെ വരവിനനുസരിച്ചു വേണം വാഹനം ഏതെന്ന് തീരുമാനിക്കാൻ. ആഢംബരത്തിനു വേണ്ടിയാകരുത് വാഹനം. ■